**കേരള സർക്കാർ**

**സംഗ്രഹം**

ദേശീയപാത നിർമ്മാണത്തിന് ആവശ്യമായി വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ് / തോട് പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (കൈ) നം. 175/ 2018/ ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 24.11.2018

പരാമർശം:- 1) 26.08.2017 ലെ സ.ഉ. (കൈ) നമ്പർ 302/ 2017/ റവ.

2) കണ്ണൂർ ജില്ലാ കളക്ടറുടെ 21.11.2017 ലെ സി5 - 30789/ 2016 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയപാത വികസനത്തിനാവശ്യമായ, വിവിധ സർക്കാർ വകുപ്പുകളുടെ കൈവശത്തിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമി (തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഒഴിവാക്കി), ടി ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, മതിലുകൾ മുതലായവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേട്ടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ, പുനർനിർമ്മിച്ചു നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യണമെന്ന വ്യവസ്ഥയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (NHAI) കൈമാറി നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് റവന്യു വകുപ്പിൽ നിന്നും പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഇപ്രകാരം കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് റവന്യു വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

3. ദേശീയപാത വികസനത്തിന് ആവശ്യമായി വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡ്, തോട് മുതലായവ കൂടി ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടറും ആവശ്യപ്പെടുകയുണ്ടായി.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 169-ാം വകുപ്പ് , 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 207 -ാം വകുപ്പ് എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ റോഡ് പുറമ്പോക്ക് ഭൂമിയെ ഗസറ്റ് വിജ്ഞാപനത്തിലൂടെ ടി ആക്ടുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കി സർക്കാരിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ, കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 218 (1) , കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 208A എന്നീ വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ജലസ്രോതസ്സുകളുടേയും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയുടേയും ഭരണം സർക്കാരിന് ഏറ്റെടുക്കാമെങ്കിലും സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കാൻ ആക്ടിൽ വ്യവസ്ഥയില്ല.

5. Jagpal Singh Vs State of Punjab & Others (Civil Appeal No. 1132/2011) എന്ന കേസിൽ ജലസ്രോതസ്സുമായി ബന്ധപ്പെട്ട പുറമ്പോക്കുകൾ പതിച്ചുനൽകാൻ പാടില്ലെങ്കിലും അത് പബ്ലിക്ക് യൂട്ടിലിറ്റിയ്ക്ക് അനുവദനീയമാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള തോട്, റോഡ് പുറമ്പോക്ക്, ദേശീയപാത വികസനം എന്ന പൊതുവായ ആവശ്യത്തിനാണ് നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് കൈമാറേണ്ടത്.

6. ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നത് 1956-ലെ നാഷണൽ ഹൈവേയ്സ് ആക്ടിലെ (Central Act 48 of 1956) വ്യവസ്ഥകൾ പ്രകാരമാണ്. കേന്ദ്ര നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം ഭൂമി പുനർനിക്ഷിപ്തമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ല.

7. പ്രസ്തുത സാഹചര്യത്തിൽ, ഭൂമി ഏറ്റെടുക്കുന്നതിലെ നടപടിക്രമങ്ങൾ മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി, ദേശീയ പാതകളുടെ അംഗീകൃത അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നതും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പുകൾ 169(1), 218(1), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ വകുപ്പുകൾ 207(1), 208A എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതുമായ റോഡ് / തോട് പുറമ്പോക്ക് ഭൂമികൾ ഏറ്റെടുത്ത് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് ദേശീയപാത വികസനം എന്ന പൊതു ആവശ്യത്തിലേയ്ക്കായി കൈമാറുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പുറമ്പോക്ക് ഭൂമികൾ നിയമാനുസൃതം നികത്തേണ്ടി വരുന്ന പക്ഷം ആയത് മൂലം പരിസ്ഥിതിയ്ക്ക് ആഘാതമുണ്ടാവുകയില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ii. പ്രദേശത്തെ ജല നിർഗമന മാർഗങ്ങൾ തടസ്സപ്പെടാതിരിക്കുവാനും സമീപ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടാതിരിക്കുവാനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

iii. സമീപത്തായി വയലുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവിടേയ്ക്ക് കൃഷിയ്ക്കാവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള ബദൽ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

iv. തോടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം കലുങ്കുകൾ / കൾവർട്ടുകൾ പണിയേണ്ടതാണ്.

v. ഏറ്റെടുക്കുന്ന ഭൂമി ദേശീയ പാതയുടെ വികസനത്തിനായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

vi. ഏറ്റെടുക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ, മതിലുകൾ മുതലായവ സ്ഥിതി ചെയ്യുന്ന പക്ഷം അവയ്ക്ക് സംഭവിച്ചേക്കാവുന്ന ഏതുവിധ കേടുപാടുകളും ജില്ലാ കളക്ടർക്ക് തൃപ്തമായ രീതിയിൽ നാഷണൽ ഹൈവേ അതോറിറ്റി പുന:സ്ഥാപിക്കുകയോ, പുനർനിർമ്മിച്ചു നൽകുകയോ, നഷ്ടപരിഹാരം നൽകുകയോ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടി. കെ. ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

റീജിയണൽ ഓഫീസർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എൽ.ബി.എ./ എ & ഇ), തിരുവനന്തപുരം.

റവന്യൂ വകുപ്പ് (REV-L2/3/2017-REV , REV-L2/224/2017-REV നമ്പർ ഫയലുകൾ പ്രകാരം).

നിയമ വകുപ്പ് (21.04.2018 ലെ 2858/ഉപദേശം ഡി 2/18/നിയമം, 25.09.2018 ലെ 15703/ഉപദേശം ഡി3 / 18/നിയമം എന്നിവ പ്രകാരം).

പൊതുമരാമത്ത് വകുപ്പ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ